ടി.ഇ.എം റാഫി വടുതല

# ഹൃദയത്തിൽ നിറഞ്ഞ് ആയതുൽ കുർസിയ്യ്

عَنْ أُبَيِّ بْنِ كَعْبٍ رَضِيَ اللَّهُ عَنْهُ قَالَ: قَالَ رَسُولُ اللَّهِ ﷺ: يَا أَبَا الْمُنْذِرِ أَتَدْرِى أَيُّ آيَةٍ مِنْ كِتَابِ اللَّهِ عَزَّوَجَلَّ مَعَكَ أَعْظَمُ؟ قَالَ: قُلْتُ: اللَّهُ وَرَسُولُهُ أَعْلَمُ. قَالَ: يَا أَبَا الْمُنْذِرِ، أَتَدْرِى أَيُّ آيَةٍ مِنْ كِتَابِ اللَّهِ عَزَّوَجَلَّ مَعَكَ أَعْظَمُ؟ قَالَ: قُلْتُ: اللَّهُ لَا إِلَهَ إِلَّا هُوَ الْحَيُّ الْقَيُّومُ (البَقَرَة:٢٥٥). قَالَ: فَضَرَبَ فِى صَدْرِى وَقَالَ: وَاللَّهِ لِيَهْنِكَ الْعِلْمُ يَاأَبَا الْمُنْذِرِ (مسلم)

**ഉബയ്യുബ്നു കഅ്ബിൽ നിന്ന്: പ്രവാചകൻ ചോദിച്ചു: അബുൽമുൻദിർ, അല്ലാഹുവിന്റെ ഗ്രന്ഥത്തിൽ നിന്ന് താങ്കൾക്കറിയാവുന്നവയിൽ മഹത്തരമായ സൂക്തം ഏതാണ്? ഉബയ്യ് പറഞ്ഞു: അല്ലാഹുവിനും അവന്റെ പ്രവാചകനുമാണ് കൂടുതൽ അറിയുക, നബി വീണ്ടും: "ഹേ അബുൽമുൻദിർ, അല്ലാഹുവിന്റെ ഗ്രന്ഥത്തിൽനിന്ന് താങ്കൾക്കറിയാവുന്നവയിൽ മഹത്തരമായ സൂക്തം ഏതാണ്? ഞാൻ പറഞ്ഞു: അല്ലാഹു ലാഇലാഹ ഇല്ലാ ഹുവൽഹയ്യുൽഖയ്യൂം... (*അൽബഖറ*:255). പ്രവാചകൻ എന്റെ നെഞ്ചിൽ തട്ടി പറഞ്ഞു: അബുൽ മുൻദിർ, അല്ലാഹുവാണ താങ്കളുടെ വിജ്ഞാനം പ്രശംസനീയം തന്നെ! (മുസ്‌ലിം)**

മാനവ സമൂഹത്തിന് മാർഗദർശകമായി അല്ലാഹു അവതരിപ്പിച്ച അന്ത്യഗ്രന്ഥമാണ് വിശുദ്ധ ഖുർആൻ. അത് ഹൃദയത്തിന്റെ വസന്തമാകണമെന്നും ജീവിതത്തെ മുന്നിൽനിന്നു നയിക്കുന്ന നായകനാകണമെന്നും ദുഃഖങ്ങൾക്ക് പരിഹാരമാകണമെന്നും വിശ്വാസികൾ പ്രാർഥിക്കുന്നു. സർവോപരി ആ ഖുർആൻ മഹ്ശറയിലെ പ്രതിസന്ധി ഘട്ടത്തിൽ ശുഭ്രമുഖത്തോടെ ശിപാർശകനായി വരണമെന്നും അതിയായി ആഗ്രഹിക്കുന്നു.

ഖുർആൻ ആദ്യാവസാനം വരെ മഹത്തരമായത് പോലെ തന്നെ അതിലെ വിവിധ സൂറഃകൾക്കും സൂറഃകളിലെ ചില ആയത്തുകൾക്കും സവിശേഷമായ ശ്രേഷ്ഠത നൽകപ്പെട്ടിട്ടുണ്ട്. സൂറഃ *അൽഫാതിഹ*ക്ക് 'അസ്സബ്ഉൽമസാനി' (ആവർത്തിത സപ്ത സൂക്തങ്ങൾ) എന്ന മഹത്വം നൽകി. സൂറഃ *അൽബഖറ*യെയും *ആലുഇംറാനി*നെയും 'സഹ്റാവാൻ' (ഇരട്ട പ്രകാശമുള്ളവ) എന്ന് വിശേഷിപ്പിച്ചു. സൂറഃ *അൽഇഖ്‌ലാസി*നെ ഖുർആന്റെ മൂന്നിലൊന്നിനു തുല്യമെന്ന് വ്യക്തമാക്കി. സൂറഃ *അൽബഖറ*യിലെ അന്ത്യസൂക്തങ്ങൾക്കും ആയത്തുൽ കുർസിയ്യിനും പ്രത്യേകം മഹത്വം നൽകി. അല്ലാഹുവിന്റെ അപാരമായ ശക്തിയെയും അധികാരത്തെയും വർണിക്കുന്നതാണ് ആ സിംഹാസന സൂക്തം.

അബൂ ഉമാമത്തുൽ ബാഹിലി ഉദ്ധരിക്കുന്നു: പ്രവാചകൻ(സ) പറഞ്ഞു: "ആരാണോ നിർബന്ധ നമസ്കാരത്തിനു ശേഷം ആയത്തുൽ കുർസിയ്യ് പാരായണം ചെയ്യുന്നത് അവന്റെ സ്വർഗപ്രവേശത്തിനു മുന്നിലുള്ള മറ മരണം മാത്രമാകുന്നു" (നസാഈ, ത്വബ്റാനി). ഇമാം നവവി വിശദീകരിക്കുന്നു: "ആയത്തുൽ കുർസിയ്യ് മറ്റു സൂക്തങ്ങളെക്കാൾ മഹത്തരമാവുന്നത് അതിൽ അല്ലാഹുവിന്റെ മൗലികമായ ഗുണവിശേഷണങ്ങൾ അടങ്ങിയിരിക്കുന്നത് കൊണ്ടാണ്. ദൈവികത, ഏകത്വം, നിത്യസജീവത, പരമാധികാരം, കഴിവ്, ആധിപത്യം, ഉടമസ്ഥത... തുടങ്ങി അവനു മാത്രം സ്വന്തമായ മൗലിക ഗുണങ്ങൾ അതിൽ ഉൾക്കൊണ്ടിരിക്കുന്നു" (ശറഹ് മുസ്‌ലിം).

മാനവ സമൂഹത്തെ വഴിപിഴപ്പിക്കുമെന്ന് വെല്ലുവിളിച്ചിറങ്ങിയ ശത്രുവാണല്ലോ പിശാച്. മുഖ്യശത്രു എന്നാണ് ഖുർആൻ പിശാചിനെ വിശേഷിപ്പിച്ചത്. വിശ്വാസിയുടെ ഭവനത്തിനും ജീവിതത്തിനും സുഖനിദ്രക്കും പിശാചിൽനിന്നുള്ള സുരക്ഷയാണീ സൂക്തമെന്ന് പ്രവാചകൻ വ്യക്തമാക്കി. പരിച പോലെ പ്രതിരോധവും പടച്ചട്ട പോലെ സംരക്ഷണവുമാണീ സൂക്തം. പ്രവാചകൻ(സ) പറഞ്ഞു: "സൂറത്തുൽ ബഖറയിൽ ഖുർആൻ സൂക്തങ്ങളുടെ യജമാന സൂക്തമുണ്ട്. ചെകുത്താന്റെ സാന്നിധ്യമുള്ള ഒരു ഗൃഹത്തിൽ അത് പാരായണം ചെയ്യപ്പെട്ടാൽ ഉടനെ ആ ചെകുത്താൻ പുറത്ത് പോകാതിരിക്കില്ല. ആയതുൽ കുർസിയ്യ് അത്രേ ആ സൂക്തം." (ബൈഹഖി)

വിശ്വാസികൾ നിർബന്ധ നമസ്കാരത്തിനു ശേഷവും ഉറങ്ങുന്നതിന് മുമ്പും പതിവാക്കേണ്ട പ്രവാചക ചര്യയാണ് 'ആയത്തുൽ കുർസിയ്യ്' പാരായണം. പ്രവാചകൻ(സ) പറഞ്ഞു: "നീ നിന്റെ ശയ്യയിലേക്ക് അണഞ്ഞാൽ ആയതുൽ കുർസിയ്യ് ഓതുക. അല്ലാഹുവിൽ നിന്നുള്ള ഒരു സംരക്ഷകൻ നിന്റെ മേൽ ഉണ്ടായിക്കൊണ്ടിരിക്കും. പ്രഭാതമാകുന്നത് വരെ പിശാച് നിന്നോട് അടുക്കുകയില്ല." (ഇമാം ഹാകിം, ദഹബി. അൽബാനി ഈ ഹദീസ് സ്വഹീഹെന്ന് വിശേഷിപ്പിച്ചു).

ആയത്തുൽ കുർസിയ്യിന്റെ കേവല പാരായണത്തിനപ്പുറം, അല്ലാഹുവിന്റെ അസ്തിത്വവുമായി ബന്ധപ്പെട്ട് വിശ്വാസികൾ ഉൾക്കൊള്ളേണ്ട പത്ത് സുപ്രധാന തത്ത്വങ്ങൾ ഇബ്നുകസീർ തന്റെ ഖുർആൻ വ്യാഖ്യാന ഗ്രന്ഥത്തിൽ സംക്ഷേപിച്ചിട്ടുണ്ട്. 1. എല്ലാ സൃഷ്ടിജാലങ്ങൾക്കുമേലും ദിവ്യത്വം സ്വന്തമായുള്ളവൻ 2. അന്ത്യമില്ലാതെ എന്നെന്നും ജീവിക്കുന്നവനും സർവതിനെയും നിയന്ത്രിക്കുന്നവനും 3. ഉറക്കമോ മയക്കമോ സൃഷ്ടികളുടെ ദൗർബല്യങ്ങളോ ബാധിക്കാത്തവൻ 4. ആകാശ ഭൂമികളുടെ ആധിപത്യമുള്ളവൻ 5. തന്റെ അനുവാദമില്ലാതെ ശിപാർശ ചെയ്യാൻ ആർക്കും അധികാരമില്ലാത്തവിധം മഹത്വമുള്ളവൻ 6. സൃഷ്ടികളുടെ ഭൂതവും ഭാവിയും വർത്തമാനവും അറിയുന്നവൻ 7. ജ്ഞാന ചോരണം സംഭവിക്കാത്തവിധം സുഭദ്രതയുള്ളവൻ 8. ആകാശഭൂമികൾക്കപ്പുറം അധികാര വിസ്തൃതിയുള്ളവൻ 9. വിശ്വപ്രപഞ്ചത്തിന്റെ സംരക്ഷണം ഭാരമാകാത്തവൻ 10. ഔന്നത്യവും മഹത്വവും സ്വന്തമായുള്ളവൻ. (*ഇബ്നുകസീർ* 1/351). അല്ലാഹുവിന്റെ ഏകത്വവും മഹത്വവും വിളംബരം ചെയ്യുന്ന ഈ സൂക്തം വിശ്വാസി അനിവാര്യമായും മനഃപാഠമാക്കേണ്ടതും ആശയമറിഞ്ഞ് നിത്യവും പാരായണം ചെയ്യേണ്ടതുമാണ്. അപ്പോൾ അത് ജീവിതത്തിലെ രാജസൂക്തമാവുകയും ഇഹലോകത്ത് രക്ഷക്കും പരലോകത്ത് മോക്ഷത്തിനും കാരണമാവുകയും ചെയ്യും. ■